# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 63 — 28/02/2018 ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ടി. ബൽറാം | അഡ്വ: കെ. രാജു |
| ,, എൽദോസ് പി കുന്നപ്പിള്ളിൽ | (വനവും മൃഗസംരക്ഷണവും |
| ,, അനൂർ പ്രകാശ് | മൃഗശാലകളും വകുപ്പ് മന്ത്രി) |
| ,, അൻവർ സാദത്ത്. | |

| | | | |
|---|---|---|---|
| എ | കേരളത്തിൽ സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ; | എ | സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി വിവിധയിനത്തിലുള്ള വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ. കൾ, മതസ്ഥാപനങ്ങൾ, യൂത്ത് ക്ലബ്ബുകൾ തുടങ്ങിയ സ്ഥാപനങ്ങൾ മുഖാന്തിരം വിതരണം ചെയ്തുവരുന്നു. നക്ഷത്രവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോരത്തണൽ, കണ്ടൽ വനവത്ക്കരണം, ഹെർബൽ ഗാർഡൻ, ബീച്ച് പ്ലാന്റിംഗ് തുടങ്ങി വിവിധ പദ്ധതിക ളിൽ ഉൾപ്പെടുത്തി യും തൈകൾ വിതരണം ചെയ്തുവരുന്നു. പരിസ്ഥിതി ദിനമായ ജൂൺ 5-ന് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി 'എന്റെ മരം,' 'നമ്മുടെ മരം' പദ്ധതികൾ പ്രകാരം സൗജന്യമാ യും, പൊതുജനങ്ങൾ വിവിധ മത-രാഷ്ട്രീയ സംഘടനകൾ, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, പഞ്ചായത്തുകൾ, മറ്റു സർക്കാർ വകുപ്പുകൾ എന്നിവ യ്ക്ക് സൗജന്യ നിരക്കിലും വിവിധയിനം തൈകൾ വിതരണം ചെയ്തു വരുന്നു. വനത്തിനു പുറത്ത് തടിയുല്പാദനം വർദ്ധിപ്പിക്കുന്നതിനായി പത്തിനം വൃക്ഷങ്ങൾ നട്ടുപിടി പ്പിക്കുന്ന കർഷകർക്ക് ധനസഹായം നൽകിവരുന്നു. ജൈവ വൈവിദ്ധ്യ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാവുകൾ,കണ്ടൽ വനങ്ങൾ എന്നിവ സംരക്ഷിക്കുന്നവർക്ക് ധന സഹായം നൽകി വരുന്നു. കൂടാതെ ഔഷധത്തോട്ടം, നക്ഷത്രവനം എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ വൃക്ഷ ത്തൈകളും നൽകി വരുന്നു. സാമൂഹിക വനവത്ക്കരണ പദ്ധതികൾ മികച്ച രീതിയിൽ നടപ്പാക്കുന്ന വ്യക്തികൾക്ക്/സംഘടനകൾക്ക് വർഷംതോറും വനമിത്ര പുരസ്ക്കാരം നൽകി വരുന്നു. |

| | | | |
|---|---|---|---|
| ബി | സംസ്ഥാനത്ത് കഴിഞ്ഞ വർഷം വനവത്കരണ പദ്ധ തികൾക്ക് പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; വിശദമാക്കാമോ; | ബി | സംസ്ഥാനത്ത് കഴിഞ്ഞ വർഷം വനവത്കരണ പദ്ധ തികൾക്ക് പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടി ട്ടില്ല.സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷത്തൈകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ,എൻ.ജി.ഒ.കൾ, മതസ്ഥാപന ങ്ങൾ, യൂത്ത് ക്ലബ്ബുകൾ മുഖാന്തിരം വിതരണം ചെയ്തിട്ടു ണ്ട്. വിദ്യാലയങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്ന വനവത്ക്കരണ പദ്ധതി പ്രകാരം നട്ടുപിടിപ്പിക്കുന്ന തൈകളുടെ അതിജീവനത്തിനും പരിപാലനത്തിനുമായി പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. വനവത്ക്കരണ പദ്ധതികൾ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. സാമൂഹ്യവനവത്ക്കരണ പദ്ധതി മുഖാന്തിരം സംസ്ഥാനത്ത് ഹരിതാവരണം മെച്ചപ്പെട്ടിട്ടുണ്ട്. |
| സി | സാമൂഹ്യ വനവന്കരണത്തിന്റെ ഭാഗമായി നട്ടുപിടി പ്പിക്കുന്ന ചെടികൾ പരിപാലിക്കാൻ എന്തൊക്കെ നടപടി കളാണ് സ്വീകരിച്ചി രിക്കുന്നത് എന്ന് വിശദമാക്കാമോ ? | സി | വിദ്യാഭ്യാസ സ്ഥാപനങ്ങൾ ,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം വിതരണം ചെയ്തതും നട്ടുപിടിപ്പിച്ചതുമായ വൃക്ഷ തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിനും പരിപാലനത്തിന് മേൽനോട്ടം വഹിക്കുന്നതിനും സർക്കാർ ഉത്തരവ് പ്രകാരം കമ്മിറ്റികൾ നിലവിലുണ്ട്. ഇത് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യ വ്യക്തികൾക്ക് തൈ ഒന്നിന് ഏഴു രൂപ നിരക്കിലാണ് വിതരണം ചെയ്യുന്നത്. ആയതിനാൽ ടി വൃക്ഷത്തൈകളുടെ പരിപാലനം സ്വാഭാവികമായും അവർ തന്നെ ഉറപ്പാക്കികൊള്ളും. തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിന് കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് സർവ്വേ നടത്താറുണ്ട്. വഴിയോര ത്തണൽ പദ്ധതി പ്രകാരം വഴിയോരങ്ങളിൽ വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ കന്നുകാലികളിൽ നിന്നും മറ്റും സംരക്ഷിക്കുന്ന തിനായി ട്രീഗാർഡ് സംരക്ഷണം നൽകുകയും, കാലാകാലങ്ങളിൽ കളകൾ നീക്കം ചെയ്യുകയും പരിപാലനത്തിന് സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, ഫീൽഡ് സ്റ്റാഫുകൾ എന്നിവ യുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ സാമൂഹിക വനവത്ക്കരണത്തിന്റെ ഭാഗമായി വൃക്ഷ ത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന്റെ പ്രാധാന്യ ത്തെക്കുറിച്ചും അവ സംരക്ഷിക്കുന്ന തിനായി ചെയ്യേണ്ട പ്രവർത്തികളെക്കുറിച്ചും വിവിധ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ സോഷ്യൽ ഫോറസ്ട്രി |

| | | | |
|---|---|---|---|
| | | | വിഭാഗം നടപ്പാക്കുന്നുണ്ട്. ബോധവത്ക്കരണ പദ്ധതിയുടെ ഫലമായിട്ട് വൃക്ഷത്തൈകളുടെ ആവശ്യം ഓരോ വർഷവും വർദ്ധിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ